**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - തിരൂർ മുനിസിപ്പാലിറ്റി - വിജിലൻസ് മിന്നൽ പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ഹരികുമാർ കെ - അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.1834/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/07/2018

---

പരാമർശം:- 1 വിജിലൻ സ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 07.10.2016- തീയതിയിലെ ഇ26(എസ്.സി.04/2016/MPM)23676/2016 നമ്പർ കത്ത്.

2 സർക്കാരിന്റെ 14/02/2017 തീയതിയിലെ ഇയു1/468/12016/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.

3 കുറ്റപത്രത്തിന് ശ്രീ. ഹരികുമാർ കെ സമർപ്പിച്ച22/08/2017 തിയതിയിലെ പ്രതിവാദ പത്രിക

4 നഗരകാര്യ ഡയറക്ടറുടെ 24/11/.2017 തീയതിയിലെ വി2-9591/17 നമ്പർ കത്ത്.

**ഉത്തരവ്**

തിരൂർ നഗരസഭയിൽ വിജിലൻസ് വിഭാഗം 16.01.2016-ന് നടത്തിയ മിന്നൽ പരിശോധനയിൽ സേവനാവകാശ നിയമ പ്രകാരമുള്ള നോട്ടീസ് ബോർഡ് പ്രദർശിപ്പിച്ചിരുന്നില്ലെന്നും 15.10.2014 മുതൽ ലഭിച്ച കെട്ടിട നിർമ്മാണ അപേക്ഷകളിൽ 54 എണ്ണത്തിൽ 2015 വർഷത്തിലും നടപടി സ്വീകരിച്ചിരുന്നില്ലെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറി ശ്രീ. കെ ഹരികുമാറിനെതിരെ വകുപ്പ്തല നടപടിയെടുക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി.

2. ശ്രീ.കെ. ഹരികുമാർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ സേവനാവകാശ നിയമ പ്രകാരമുള്ള ബോർഡ് ഓഫീസിൽ സ്ഥാപിച്ചിരുന്നതായും ലോക ബാങ്ക് ഫണ്ടിൽ ഉൾപ്പെടുത്തി ഓഫീസ് നവീകരണ പ്രവർത്തികൾ നടത്തിയിരുന്ന സാഹചര്യത്തിൽ ബോർഡ് താൽക്കാലികമായി മാറ്റിവെയ്ക്കുക മാത്രമാണ് ചെയ്തതെന്നും ശേഷം ബോർഡ് ഓഫീസിൽ സ്ഥാപിച്ചിരുന്നതായും വിജിലൻസ് പരിശോധനാ സമയത്ത് ബോർഡ് പ്രദർശിപ്പിച്ചിരുന്നില്ലായെന്ന അപാകത

മാപ്പാക്കണമെന്നും അപേക്ഷിച്ചിരുന്നു. 15.10.2014 മുതൽ ലഭിച്ച 5 4 കെട്ടിട നിർമ്മാണ അപേക്ഷകൾ പെൻഡിംഗ് ആയിരുന്നുവെന്നും ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിരുന്നില്ലായെന്നുമുള്ള ആരോപണത്തിന് നൽകിയ മറുപടിയിൽ കെട്ടിട നിർമ്മാണ അപേക്ഷാ ഫയലുകൾ ഒന്നുംതന്നെ പെൻഡിംഗ് ആയിരുന്നില്ലെന്നും ഫയലുകളിൽ യഥാസമയം നടപടി സ്വീകരിച്ചിരുവെങ്കിലും വിവരം യഥാവിധി ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതാണെന്നും, വിജിലൻസ് പരിശോധനയ്ക്ക് ശേഷം 2016 ജനുവരിയോടെ സെക്ഷൻ രണ്ടായി വിഭജിച്ച് രണ്ട് ക്ലാർക്കുമാർക്ക് ചാർജ്ജ് നൽകി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായും നിലവിൽ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ പരിപാലിച്ച് പോരുന്നുണ്ടെന്നും, ഫയലുകളിൽ പെൻഡിംഗ് ഇല്ലാത്തതിനാലും നിലവിൽ രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നുവെന്നതുകൊണ്ടും വീഴ്ച മാപ്പാക്കി തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

3. മേഖലാ ജോയിന്റ് ഡയറക്ടറുടെ പരിശോധനയിൽ നഗരസഭാ ഓഫീസിൽ ബോർഡ് പ്രദർശിപ്പിച്ചിട്ടുള്ളതായി കണ്ടിട്ടുണ്ടെന്നും ഏതെല്ലാം അപേക്ഷയിലാണ് വീഴ്ച വന്നത് എന്ന് റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ 2014 മുതലുള്ള ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ സാമാന്യമായി പരിശോധിച്ചതിൽ രജിസ്റ്ററിലെ എല്ലാ അപേക്ഷകളിലും രേഖപ്പെടുത്തലുകൾ വരുത്തിയതായി കാണാൻ കഴിഞ്ഞുവെന്നും റിപ്പോർട്ട് ചെയ്യുകയും മേൽ വസ്തുതകൾ പരിഗണിച്ച് ശ്രീ. ഹരികുമാറിന്റെ വിശദീകരണം പരിഗണനാർഹമാണെന്നും, തുടർ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

4സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ. ഹരികുമാർ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും നഗരകാര്യ ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ ശ്രീ. കെ.ഹരികുമാറിനെതിരായ അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹന്ദാസ്**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ. കെ. ഹരികുമാർ, മുൻ സെക്രട്ടറി, തിരൂർ മുനിസിപ്പാലിറ്റി (നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, തിരൂർ മുനിസിപ്പാലിറ്റി.

വിജിലൻസ് (ഡി) വകുപ്പ് (vide Note No. Vig-D4-280/2018-Vig. Dated 31-05.2018)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ